ഹയർ സെക്കൻഡറി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എസിഡി എസ്.പി.സി(2)/101262/18/എച്ച്.എസ്.ഇ                തീയതി : 27/01/2018

## സർക്കുലർ

വിഷയം:- ഹ.സെ.വി.- നിരന്തരമൂല്യനിർണ്ണയ സ്കൂൾതല മോണിറ്ററിംങ് - സംബന്ധിച്ച്.

സൂചന:- 27/01/2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

2017-18 അധ്യയന വർഷത്തെ നിരന്തര മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് സ്കൂൾതല മോണിറ്ററിംങ് 29/01/2018 മുതൽ 09/02/2018 വരെയുള്ള ദിവസങ്ങളിലായി ക്രമീകരിച്ചിട്ടുള്ളതാണ്. നിരന്തരമൂല്യനിർണ്ണയ മോണിറ്ററിംങ് ഫോർമാറ്റും വിശദാംശങ്ങളും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഒപ്പ്

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)

# മോണിറ്ററിംഗ്

പഠനം വിലയിരുത്തൽ എന്നിവ പോലെ മോണിറ്ററിംഗും നിരന്തരമായി നടക്കേണ്ടുന്ന പ്രക്രിയയാണ്. അക്കാദമിക് മോണിറ്ററിംഗിന് പല തലങ്ങളുണ്ട്. സ്കൂൾ സബ്ജക്റ്റ് കൗൺസിലുകൾ, പ്രിൻസിപ്പാൾ എന്നിവർ നിരന്തരമായും ക്ലാസ് മുറിയെ മോണിട്ടർ ചെയ്യാൻ ചുമതലപ്പെട്ടവരാണ്. സ്കൂളിനകത്തെ ഇത്തരം സംവിധാനങ്ങൾക്ക് പുറത്തും അക്കാദമികമായ മോണിറ്ററിംഗ് നടക്കേണ്ടതുണ്ട്. കുട്ടികൾ പഠനപ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാക്കിയിട്ടുള്ള ഉത്പന്നങ്ങളുടെ സൂക്ഷ്മപരിശോധനയോ അവർക്ക് നിരന്തര മൂല്യനിർണ്ണയത്തിന് ലഭിച്ച സ്കോറുകളുടെ ഓഡിറ്റിങ്ങോ അല്ല മോണിറ്ററിംഗിന്റെ ലക്ഷ്യവും മാർഗ്ഗവും. അധ്യാപകരുടെ മേൽ നടത്തപ്പെടുന്ന പരിശോധനയും അല്ല അത്. അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായാണ് നാം മോണിട്ടറിംഗിനെ വിഭാവനം ചെയ്തിട്ടുള്ളത്.

**മോണിറ്ററിംഗ് പൊതുകാഴ്ചപ്പാട്.**

- മോണിറ്ററിംഗ് ഒരു അക്കാദമിക പ്രവർത്തനമാണ്.
- ക്ലാസ് റൂം വിനിമയത്തെ ശക്തിപ്പെടുത്തുകയാണ് മോണിറ്ററിംഗിന്റെ ലക്ഷ്യം.
- അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായാണ് മോണിറ്ററിംഗിനെ നോക്കിക്കാണേണ്ടുന്നത്.
- കുട്ടികളുടെ അറിവുനിർമ്മാണപ്രക്രിയയിൽ പങ്കാളിയായി കൊണ്ട് മാത്രമേ ക്ലാസ് റൂം മോണിറ്ററിംഗ് സാർത്ഥകമാവുകയുള്ളൂ.
- ഒരേ വിഷയം കൈകാര്യം ചെയ്യുന്ന അധ്യാപകർക്ക് മാത്രമേ അതത് വിഷയത്തിൽ മോണിറ്ററിംഗ് ഫലപ്രദമായി നിർവ്വഹിക്കാൻ കഴിയുകയുള്ളൂ.
- മോണിറ്ററിംഗ് ടീമിനെ അതത് ക്ലസ്റ്ററുകളാണ് നിശ്ചയിക്കേണ്ടത്.
- മോണിറ്ററിംഗ് ടീം അംഗങ്ങൾ മോണിറ്റർ ചെയ്യേണ്ടുന്ന സ്കൂളിലെ അധ്യാപകരുമായി നേരത്തെ ബന്ധപ്പെടുകയും ക്ലാസ് മുറിയിൽ നടത്തേണ്ടുന്ന പ്രവർത്തനം ആസൂത്രണം ചെയ്യുകയും വേണം.
- നിരന്തരമൂല്യനിർണ്ണയം കൃത്യമായും സാധ്യമാക്കാൻ കഴിയുന്ന തരത്തിലുള്ള പഠന പ്രവർത്തനമാണ് ടീം ടീച്ചിങ്ങിനായി തിരഞ്ഞെടുക്കേണ്ടത്.
- പഠനപ്രക്രിയയും ഉത്പന്നവും ക്ലാസ് റൂം വിനിമയത്തിന്റെ ഭാഗമായാണ് മോണിറ്ററിംഗ് ടീം വിലയിരുത്തേണ്ടുന്നത്.
- നേരിട്ടുള്ള ക്ലാസ് റൂം അനുഭവത്തിൽ നിന്ന് പഠിതാക്കളുടെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിയാൻ മോണിറ്ററിംഗ് ടീമിന് സാധിക്കേണ്ടതുണ്ട്.
- നേരിട്ട് തിരിച്ചറിഞ്ഞ പഠിതാക്കളുടെ നിലവാരവും നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായി നൽകപ്പെട്ട സ്കോറും തമ്മിൽ വലിയ അന്തരം ഉണ്ടെങ്കിൽ തുടർന്നുവരുന്ന ക്ലസ്റ്ററുകളിൽ ഇത്തരം കാര്യങ്ങൾ പൊതുവായി ചർച്ച ചെയ്യേണ്ടുന്നതാണ്.

**പൊതുനിർദ്ദേശങ്ങൾ**

- പരമാവധി നാല് പ്രവൃത്തിദിനങ്ങളിൽ കൂടുതൽ മോണിറ്ററിംഗ് ടീം അംഗങ്ങൾക്ക് സ്കൂളിൽ നിന്ന് മാറിനിൽക്കാൻ ഇടവരാത്ത രീതിയിൽ വേണം മോണിറ്ററിംഗ് ആസൂത്രണം ചെയ്യാൻ.

- റെഗുലർ അധ്യാപകർക്ക് മാത്രമേ മോണിറ്ററിംഗ് ചുമതല നൽകാൻ പാടുള്ളൂ.
- ഒരു ദിവസം രാവിലെയും ഉച്ചയ്ക്കുമായി രണ്ടു സ്കൂളുകളിൽ മാത്രമേ മോണിറ്ററിംഗ് ടീം സന്ദർശിക്കേണ്ടതുള്ളൂ.
- ചുരുങ്ങിയത് രണ്ടു മണിക്കൂറെങ്കിലും മോണിറ്ററിംഗ് ടീം സ്കൂളുകളിൽ ചെലവഴിക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണം.
- സ്കൂൾ വിസിറ്റ് ബുക്കിൽ മോണിറ്ററിംഗ് ടീം സന്ദർശന വിവരം രേഖപ്പെടുത്തണം.
- മോണിറ്ററിംഗ് ടീമിനുള്ള ഡ്യൂട്ടി സർട്ടിഫിക്കറ്റുകൾ അതാത് സ്കൂളുകളിലെ പ്രിൻസിപ്പൽമാർ നൽകേണ്ടതാണ്.
- മോണിറ്ററിംഗ് ടീം സ്കൂൾ സന്ദർശിക്കുന്ന സമയത്ത് പിരിയേഡുകൾ സൗകര്യപ്രദമായ രീതിയിൽ ക്രമീകരിച്ച് നൽകാൻ പ്രിൻസിപ്പൽമാർ ശ്രമിക്കണം.
- ജില്ലയിൽ/ സംസ്ഥാനത്തിൽ കുറച്ചു സ്കൂളുകളിൽ മാത്രം പഠിപ്പിക്കുന്ന വിഷയങ്ങളിൽ (Rare Subjects) ജില്ലകൾക്കകത്തോ ജില്ലകൾ മാറിയോ അധ്യാപക ലഭ്യതയ്ക്കനുസരിച്ച് മോണിറ്ററിംഗ് ടീം രൂപീകരിക്കേണ്ടതാണ്. (റെയർ സബ്ജക്ട് ഒരു ദിവസം ഒരു സ്കൂളിൽ പോയാൽ മതിയാകും).
- ഒരു വിഷയത്തിന് ഒരു സ്കൂളിൽ ഒരു ബാച്ചിൽ മാത്രമേ ടീം ടീച്ചിംഗ് വഴിയുള്ള മോണിറ്ററിംഗ് ഈ വർഷം നടത്തേണ്ടതുള്ളൂ. (ഒന്നാം വർഷ ക്ലാസുകളിൽ മാത്രം).
- മോണിറ്ററിംഗ് ടീം സാക്ഷ്യപ്പെടുത്തിയ നിരന്തരമൂല്യനിർണയ രേഖകൾ അതത് സ്കൂളുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. ആവശ്യമുള്ള പക്ഷം മേലധികാരികൾക്ക് രേഖകൾ പരിശോധിക്കാനുള്ള അവസരം ഒരുക്കണം.

●●